# പതിനാലാം കേരള നിയമസഭ

## പത്താം സമ്മേളനം

**19.03.2018-ന് മറുപടിയ്ക്ക്**

**നക്ഷത്ര ചിഹ്നമിടാത്ത**
**നിയമസഭാ ചോദ്യം നം. 3805**

## <u>അക്കാഡമിക് പ്ലാൻ</u>

**<u>ചോദ്യം</u>**

ശ്രീ.എ.പി. അനിൽ കുമാർ
,, വി.ടി.ബൽറാം
,, [illegible]
,, റോജി എം. ജോൺ

**<u>മറുപടി</u>**

പ്രൊഫ. സി. രവീന്ദ്രനാഥ്
(വിദ്യാഭ്യാസ വകുപ്പ് മന്ത്രി)

(എ) ഓരോ വിദ്യാർത്ഥിയുടെയും അറിവും കഴിവും നൈപുണ്യവും പ്രായത്തിന് അനുസൃതമായും കരിക്കുലം വിഭാവനം ചെയ്യുന്ന പ്രകാരത്തിലും വികസിപ്പിക്കുന്നതിന് ലക്ഷ്യം വയ്ക്കുന്ന അക്കാഡമിക് പ്ലാൻ നടപ്പിലാക്കുന്ന പദ്ധതി ഏത് ഘട്ടത്തിലാണ്; വ്യക്തമാക്കാമോ;

(എ) സംസ്ഥാനത്തെ എല്ലാ ഗവൺമെന്റ്/ എയ്ഡഡ് വിദ്യാലയങ്ങളും 2018 ഫെബ്രുവരി അവസാനത്തോടെ അക്കാദമിക മാസ്റ്റർപ്ലാൻ തയ്യാറാക്കി കഴിഞ്ഞു. അവ രക്ഷാകർത്താക്കൾ അടങ്ങിയ പൊതുസമൂഹത്തിന് മുന്നിൽ അവതരിപ്പിച്ച് ചർച്ച ചെയ്യുകയുണ്ടായി. അതിന്റെ അടിസ്ഥാനത്തിൽ ഇത് ഫലപ്രദമായി നടപ്പിലാക്കുന്നതിന് ആക്ഷൻ പ്ലാൻ തയ്യാറാക്കുന്ന നടപടികൾ പുരോഗമിച്ചുവരുന്നു.

(ബി) പ്രൈമറി തലം മുതൽ ഹയർ സെക്കന്ററി തലം വരെയുള്ള വിദ്യാർത്ഥികൾക്ക് എല്ലാ വിഷയങ്ങളിലും പഠനം ശക്തിപ്പെടുത്തുന്നതിനുള്ള സമഗ്ര പദ്ധതികൾ ആസൂത്രണം ചെയ്യുന്ന നടപടി ഏത് ഘട്ടത്തിലാണ്; വിശദീകരിക്കുമോ;

(ബി) പ്രൈമറി തലം മുതൽ ഹയർ സെക്കന്ററി തലം വരെയുള്ള വിദ്യാർത്ഥികൾക്ക് ഗുണമേന്മയുള്ള വിദ്യാഭ്യാസം നൽകുന്നതിനായി ചുവടെ ചേർക്കുന്ന പദ്ധതികൾ ആവിഷ്കരിച്ച് നടപ്പിലാക്കിവരുന്നു.

- മലയാളത്തിളക്കം
- ഹലോ ഇംഗ്ളീഷ്
- ഗണിതവിജയം
- എല്ലാവരും സ്വതന്ത്ര വായനക്കാർ
- ക്ലാസ് ലൈബ്രറി
- ക്ലാസ് ഗണിതലാബ്
- ടാലന്റ് ലാബ്
- ജൈവവൈവിദ്ധ്യഉദ്യാനം
- പ്രാദേശിക പ്രതിഭാകേന്ദ്രങ്ങൾ
- അദ്ധ്യാപക പഠന കൂട്ടായ്മകൾ

- വിദ്യാലയ കൂട്ടുചേരൽ പരിപാടി
- സാമൂഹിക ഉൾച്ചേർക്കൽ പരിപാടി
- ശാസ്ത്രോത്സവം
- ഗണിതോത്സവം
- രക്ഷാകർതൃ പരിശീലനം
- ശാസ്ത്ര പഠനയാത്രകൾ
- ഉന്നതവിദ്യാഭ്യാസ സ്ഥാപനങ്ങൾ, യൂണിവേഴ്സിറ്റികൾ, ഗവേഷണ സ്ഥാപനങ്ങൾ എന്നിവയുമായുള്ള മെന്ററിംഗ്
- പഠന നേട്ടങ്ങൾ പ്രസിദ്ധപ്പെടുത്തൽ
- എന്റെ മലയാളം
- സുരീലി ഹിന്ദി
- **ലിറ്റിൽ ഗലീലിയോ**

കൂടാതെ പഠന പിന്നോക്കാവസ്ഥ പരിഹരിക്കുന്നതിനായി 'ശ്രദ്ധ', 'നവപ്രഭ' തുടങ്ങിയ പദ്ധതികളും നടപ്പിലാക്കിവരുന്നു. തുല്യത, ഗുണത എന്നിവയ്ക്ക് ഊന്നൽ നൽകുന്നതിനായി ഓരോ സ്കൂളിനും തനതായ അക്കാദമിക മാസ്റ്റർപ്ലാൻ തയ്യാറാക്കുന്നതിനും അതിന്റെ തുടർ പ്രവർത്തനങ്ങൾ നടപ്പിലാക്കുന്നതിനും നടപടി സ്വീകരിച്ചിട്ടുണ്ട്. കൂടാതെ എല്ലാ വിഷയങ്ങളിലും പഠനം ശക്തിപ്പെടുത്തുന്നതിനുള്ള 'സമഗ്ര' പോർട്ടലിലേക്ക് വേണ്ട ആസൂത്രണ രേഖകൾ സർക്കാർ വികസിപ്പിച്ചുകഴിഞ്ഞു. കൂടാതെ ഒന്നുമുതൽ 12 വരെ ക്ലാസുകളിലെ സർക്കാർ/ എയ്ഡഡ് സ്കൂളുകളിലെ അദ്ധ്യാപകർക്ക് 'സമഗ്ര' പോർട്ടലിൽ ലോഗിൻ ചെയ്യാനുള്ള നിർദ്ദേശവും നൽകിയിട്ടുണ്ട്.

| | |
|---|---|
| (സി) കേരളത്തിലെ അക്കാഡമിക് നിലവാരം ഇതര സംസ്ഥാനങ്ങളെ അപേക്ഷിച്ച് മെച്ചപ്പെട്ടതാണെന്ന് കരുതുന്നുണ്ടോ; എങ്കിൽ അതിന് ആധാരമായ വസ്തുതകൾ എന്തൊക്കെയാണ്; വിവരിയ്ക്കുമോ;? | (സി) ഉണ്ട്. 2017-ൽ ദേശീയ തലത്തിൽ എൻ.സി.ഇ.ആർ.ടി. നടത്തിയ നാഷണൽ അച്ചീവ്മെന്റ് സർവ്വേ റിപ്പോർട്ട് പ്രകാരം കേരളത്തിന്റെ അക്കാഡമിക നിലവാരം ഇതര സംസ്ഥാനങ്ങളെ അപേക്ഷിച്ച് മെച്ചപ്പെട്ടതാണ്. |

സെക്ഷൻ ഓഫീസർ